**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **31-01-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന ഫിഷറീസ് റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളിൽ, കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തവ ഏതൊക്കെയെന്നും കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ? | (ബി) | വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**കുണ്ടറ മണ്ഡലത്തിൽ നിലവിൽ നടന്നുവരുന്ന ഫിഷറീസ് റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി**

| ക്രമ നം. | പ്രവൃത്തികളുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 4, 5ൽ ഗുരുമന്ദിരം മുതൽ പിള്ളവീട്ടിൽ ഏലാ വരെയുള്ള റോഡ്, ഇണ്ടിളയപ്പൻ സ്വാമി ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി റോഡ് എന്നിവയുടെ നവീകരണം. (50 ലക്ഷം രൂപ) | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | MLA – SDF – കൊല്ലം ജില്ലയിലെ തീരദേശ റോഡ് നവീകരണം – സത്യം മെമ്മോറിയൽ ക്ലബ് വില്ലേജ് ഓഫീസ് റോഡ് – കൊല്ലം ജില്ലയിലെ കുണ്ടറ നിയോജകമണ്ഡലത്തിൽ വില്ലേജ് ഓഫീസ് ജംഗ് ഷൻ റോഡ് വഴി മാമൂട് സത്യം മെമ്മോറിയൽ ക്ലബ് മുട്ടപ്പിലങ്ങയൽ നവീകരണം. (50 ലക്ഷം രൂപ) | പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. |
| 3 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം – കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ കേരളപുരം ജംഗ് ഷൻ മുതൽ ചന്ദനത്തോപ്പ് ഐ.റ്റി.ഐ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം. (288 ലക്ഷം രൂപ) | റെയിൽവേ അതിർത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പ്രശ്നം പരിഹരിച്ച ശേഷവും പ്രവൃത്തി പുരോഗമിക്കാത്തതിനാൽ കരാറുകരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 4 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം – കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇളമ്പള്ളൂർ മുതൽ കേരളപുരം ജംഗ് ഷൻ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം . (329 ലക്ഷം രൂപ) | റെയിൽവേ അതിർത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പ്രശ്നം പരിഹരിച്ച ശേഷവും പ്രവൃത്തി പുരോഗമിക്കാത്തതിനാൽ കരാറുകരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 5 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം – കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമ പഞ്ചായത്തിലെ സ്വാമിക്കട ജംഗ് ഷൻ മുതൽ മഞ്ചാടിമൂല കടത്ത്കടവ് വരെയുള്ള റോഡിന്റെ നിലവാരമുയർത്തൽ പ്രവൃത്തി. (139.5 ലക്ഷം രൂപ) | ഫില്ലിംഗ് ഭാഗികമായി പൂർത്തിയായി. സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി ഏറെക്കുറെ പൂർത്തിയായി. എന്നാൽ പണി പുരോഗമിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പുനരേർപ്പാടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

| | | |
|---|---|---|
| 6 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമ പഞ്ചായത്തിലെ ബ്രൂണോ ബർണാഡ് മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം. (120.6 ലക്ഷം രൂപ) | റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് തർക്കമുള്ള ഭാഗം ഒഴിച്ച് ശേഷിക്കുന്ന ഭാഗത്തെ പ്രവൃത്തി പുരോഗമിക്കാത്തതിനാൽ കരാറുകരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 7 | കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ Steel wire plant പനയംകോട് ആഞ്ചേരി ഏല കിളിത്തട്ട് വിള പിള്ളവീട് കാവ് തെങ്ങയം റോഡിന്റെ പുനരുദ്ധാരണം. (166.5 ലക്ഷം രൂപ) | സ്ഥലം ലഭ്യമായ ഭാഗത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിർദ്ദിഷ്ട റോഡ് മെയിൻ റോഡുമായി ചേരുന്ന ഭാഗത്തെ സ്ഥലം ലഭ്യമല്ലാത്തതിനാൽ വാട്ടർ അതോറിറ്റി, പഞ്ചായത്ത് അധികൃതരുമായി സംയുക്തമായി സ്ഥലം പരിശോധിച്ച് കണക്റ്റിവിറ്റി ഉറപ്പാക്കേണ്ട നടപടി സ്വീകരിച്ചുവരുന്നു. |
| 8 | കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ കുണ്ടറ വെറ്റിനറി ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റി.സി.എം. ജംഗ്ഷൻ റോഡിന്റെ നിലവാരം ഉയർത്തൽ. (190 ലക്ഷം രൂപ) | പണി പുരോഗമിക്കാത്തതിനാൽ കരാറുകരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 9 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമ പഞ്ചായത്തിലെ ക്രിസ്തുരാജ് ജംഗ്ഷൻ സെറാമിക്സ് പൂക്കൊയിക്കൽ നീരൊഴുക്കുവിള. (195 ലക്ഷം രൂപ) | സ്ഥലതർക്കമുള്ള ഭാഗം ഒഴികെയുള്ള ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തർക്കം പരിഹരിക്കുന്നതിനായി പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. |

Schethe

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

## കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് റോഡ് പ്രവൃത്തികളിൽ, കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തവയുടെ വിശദാംശം

| ക്രമ നം. | പ്രവൃത്തികളുടെ പേര് | കാലതാമസമുണ്ടായ കാരണങ്ങൾ |
|---|---|---|
| 1 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ കേരളപുരം ജംഗ്ഷൻ മുതൽ ചന്ദനത്തോപ്പ് ഐ.റ്റി.ഐ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | 07.03.2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയ്ക്ക് റെയിൽവേയുടെ അനുമതി ആവശ്യമായതിനാൽ ആയത് ലഭിക്കാതെ കാലതാമസം ഉണ്ടാവുകയും ആദ്യ കരാറുകാരനെ 24.09.2020 ൽ ക്ലോഷർ കരാർ വച്ച് വിടുതൽ ചെയ്യുകയും തുടർന്ന് റെയിൽവെയുടെ അനുമതി ലഭിച്ചതിനു ശേഷം പുനർദർഘാസ് ക്ഷണിച്ച് 05.11.2020 ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു. എന്നാൽ കോവിഡ് 19, ക്വാറി സമരം തുടങ്ങിയ കാരണങ്ങളാൽ പ്രവൃത്തി വീണ്ടും തടസ്സപ്പെടുകയുണ്ടായി. നിലവിൽ കരാറുകാരന്റെ അനാസ്ഥ കാരണം പ്രവൃത്തി പുരോഗമിക്കാത്തതിനാൽ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇളമ്പള്ളൂർ മുതൽ കേരളപുരം ജംഗ്ഷൻ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | 07.03.2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയ്ക്ക് റെയിൽവേയുടെ അനുമതി ആവശ്യമായതിനാൽ ആയത് ലഭിക്കാതെ കാലതാമസം ഉണ്ടാവുകയും ആദ്യ കരാറുകാരനെ 24.09.2020 ൽ ക്ലോഷർ കരാർ വച്ച് വിടുതൽ ചെയ്യുകയും തുടർന്ന് റെയിൽവെയുടെ അനുമതി ലഭിച്ചതിനു ശേഷം പുനർദർഘാസ് ക്ഷണിച്ച് 05.11.2020 ൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു. എന്നാൽ കോവിഡ് 19, ക്വാറി സമരം തുടങ്ങിയ കാരണങ്ങളാൽ പ്രവൃത്തി വീണ്ടും തടസ്സപ്പെടുകയുണ്ടായി. നിലവിൽ കരാറുകാരന്റെ അനാസ്ഥ കാരണം പ്രവൃത്തി പുരോഗമിക്കാത്തതിനാൽ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 3 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമ പഞ്ചായത്തിലെ സ്വാമിക്കട ജംഗ്ഷൻ മുതൽ | ഫില്ലിംഗ് ഭാഗികമായി പൂർത്തിയായി. സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി ഏറെക്കുറെ പൂർത്തിയായി. എന്നാൽ പണി പുരോഗമിക്കാത്തതിനാൽ |

| | | |
|---|---|---|
| | മഞ്ചാടിമൂല കടത്ത്കടവ് വരെയുള്ള റോഡിന്റെ നിലവാരമുയർത്തൽ പ്രവൃത്തി | നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 4 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമ പഞ്ചായത്തിലെ ബ്രൂണോ ബർണാഡ് മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം | RCC സംരക്ഷണഭിത്തിയുടെ പണി പുരോഗമിക്കുന്നു. Rubble R/w പൂർത്തിയായി. റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച തർക്കം , കോടതി കേസ് എന്നിവ പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിരുന്നുവെങ്കിലും നിലവിൽ കരാറുകാരന്റെ അനാസ്ഥയാണ് പ്രവൃത്തി നടക്കാത്തതിന്റെ കാരണം. ആയതിനാൽ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 5 | കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ Steel wire plant പനയംകോട് ആഞ്ചേരി ഏല കിളിത്തട്ട് വിള പിള്ളവീട് കാവ് തെങ്ങയം റോഡിന്റെ പുനരുദ്ധാരണം | സ്ഥലം ലഭ്യമായ ഭാഗത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രൊപ്പോസ്ഡ് റോഡ് മെയിൻ റോഡുമായി കണക്റ്റ് ചെയ്യേണ്ട ഭാഗത്തെ സ്ഥലം ലഭ്യമല്ലാത്തതിനാൽ വാട്ടർ അതോറിറ്റി, പഞ്ചായത്ത് അധികൃതരുമായി സംയുക്തമായി സ്ഥലം പരിശോധിച്ച് കണക്റ്റിവിറ്റി ഉറപ്പാക്കേണ്ട നടപടി സ്വീകരിച്ചുവരുന്നു. |
| 6 | കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗ്രാമപഞ്ചായത്തിലെ കുണ്ടറ വെറ്റിനറി ഹോസ്പിറ്റൽ ജംഗ് ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റി.സി.എം. ജംഗ് ഷൻ റോഡിന്റെ നിലവാരം ഉയർത്തൽ | പ്രധാന റോഡ് പൂർത്തിയായി. ബൈ റോഡ് 1 പൂർത്തിയായി. ബൈ റോഡ് 3, ബൈ റോഡ് 2 എന്നീ റോഡുകളുടെ പ്രവൃത്തി ഭാഗീകമായി പൂർത്തീകരിച്ചു. കരാറുകാരന്റെ അനാസ്ഥയായതിനാൽ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 7 | കൊല്ലം ജില്ലയിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം - കൊല്ലം ജില്ലയിലെ കുണ്ടറ നിയോജക മണ്ഡലത്തിലെ പേരയം ഗ്രാമ പഞ്ചായത്തിലെ ക്രിസ്തുരാജ് ജംഗ് ഷൻ സെറാമിക്സ് പൂക്കൊയിക്കൽ നീരൊഴുക്കുവിള | സ്ഥലതർക്കം ഒഴികെയുള്ള ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തർക്കം പരിഹരിക്കുന്നതിനായി പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. |

Schithe.

**സെക്ഷൻ ഓഫീസർ**